4902
13/11/18

**കേരള സർക്കാർ**
**ദുരന്ത നിവാരണ (എ) വകുപ്പ്**

**പരിപത്രം**

നമ്പർ. ഡി.എം.1/14/2017/ഡി.എം.ഡി. തിരുവനന്തപുരം,
തീയതി : 05/11/2018

വിഷയം:- ദുരന്ത നിവാരണ വകുപ്പ് -പ്രകൃതി ദുരന്ത പുനരധിവാസ ഭവനനിർമ്മാണ പ്രവർത്തനം - ബ്ലോക്ക് തല ആസൂത്രണ യോഗങ്ങളും തുടർപ്രവർത്തനവും - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

2018 പ്രകൃതിക്ഷോഭത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം ഉറപ്പാക്കലും വീട് നഷ്ടപ്പെട്ട കുടുംബങ്ങളെ സാധാരണ ജീവിതത്തിലേക്ക് മടക്കിയെത്തിക്കലും കേരള പുനർനിർമ്മാണ പദ്ധതിയുടെ പ്രാഥമിക ദൗത്യമാണ്. പ്രകൃതിദുരന്തങ്ങളിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം ദുരന്തബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലും ആകണമെന്നതാണ് രാജ്യാന്തരതലത്തിലുള്ള അംഗീകൃതമാതൃക. 2018 പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായും തകർന്നതും ഗുരുതരമായി (75%ത്തിലേറെ) കേടുസംഭവിച്ച് വാസയോഗ്യമല്ലാതായതുമായ വീടുകളുടെ പുനർനിർമ്മാണം ആരംഭിക്കുന്നതിന് വീടുനഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്ക് തലത്തിൽ വിളിച്ചു ചേർക്കാൻ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം തീരുമാനിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ, താഴെ പറയുന്ന ക്രമീകരണങ്ങളും നടപടിക്രമങ്ങളും പാലിച്ച് പ്രസ്തുത യോഗങ്ങൾ നടത്തേണ്ടതാണ്.

**പങ്കാളിത്തം**

1. https://rebuild.lsgkerala.gov.in/എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിവരശേഖരത്തിൽ പ്രകൃതിദുരന്തത്തിൽ പൂർണ്ണമായി തകർന്നത്, 75%ത്തിലേറെ തകർന്നത് എന്നീ കാറ്റഗറികളിൽ ഉൾപ്പെട്ടിട്ടുള്ള വീടുകളുടെ ഉടമകളെയാണ് ബ്ലോക്കുതല ഭവന പുനർനിർമ്മാണ ആലോചനായോഗങ്ങളിൽ പങ്കെടുപ്പിക്കേണ്ടത്.
2. GO (Rt) No.527/2018/DMD dated 5-10-2018 പ്രകാരം, സർക്കാർ ധനസഹായം ലഭ്യമാക്കിയാൽ മതിയാകും, വീട് നിർമ്മാണം സ്വന്തമായി ചെയ്തുകൊള്ളാമെന്ന് രേഖാമൂലം അറിയിച്ച് ധനസഹായം കൈപ്പറ്റിയവരെയും (ഇവരുടെ പട്ടിക ജില്ലാ കളക്ടറിൽ നിന്നും ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ വാങ്ങേണ്ടതാണ്) ഈ യോഗത്തിലേക്ക് വിളിക്കേണ്ടതാണ്.

3. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, അതതു ബ്ലോക്കിലെ വിവിധ തദ്ദേശ ഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് യോഗത്തെക്കുറിച്ചുള്ള കൃത്യമായ അറിയിപ്പ് എല്ലാ ഗുണഭോക്താക്കൾക്കും എത്തുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.
4. 100 ഗുണഭോക്താക്കളിൽ കൂടുതൽ ഉള്ള എല്ലാ മുനിസിപ്പാലിറ്റികളിലും, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർക്ക് പകരം മുനിസിപ്പാലിറ്റിയുടെ സെക്രട്ടറി യോഗം വിളിക്കേണ്ടതാണ്.
5. എല്ലാ ബ്ലോക്കിലും ഈ യോഗങ്ങൾ നവംബർ 17ന് മുൻപ് നടത്തേണ്ടതാണ്. 100ൽ താഴെ ഗുണഭോക്താക്കൾ ഉള്ള നഗരസഭകളിലെ ഗുണഭോക്താക്കളെ സമീപത്തുള്ള ബ്ലോക്കിലെ യോഗത്തിൽ പങ്കെടുപ്പിക്കുന്നതിനുള്ള ക്രമീകരണമുണ്ടാക്കുകയും ചെയ്യുന്നതിന് ജില്ലാ കളക്ടർമാർ ശ്രദ്ധിക്കണം.
6. ഗുണഭോക്താക്കൾക്ക പുറമേ ജില്ലാ കളക്ടറുടെ പ്രതിനിധി (ഡപ്യൂട്ടി തഹസിൽദാറിൽ കുറയാതെ), ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ പ്രസിഡൻറെ/ചെയർപേർസൺ/സെക്രട്ടറിയും, അവിടത്തെ എഞ്ചിനീയറും, വീട്ട നിർമ്മിച്ച നൽകാൻ പ്രാദേശികമായി സന്നദ്ധത അറിയിച്ചിട്ടുള്ള സ്പോൺസർമാർ, നിർമ്മാണപ്രവൃത്തി ഏറ്റെടുക്കാൻ സന്നദ്ധത കാണിച്ചിട്ടുള്ള നിർമ്മാണ ഏജൻസികൾ, കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടെ പ്രാദേശിക പ്രതിനിധികൾ എന്നിവരേയും പങ്കെടുപ്പിക്കണം.

**യോഗ നടപടിക്രമീകരണങ്ങൾ**

7. ഭവനനിർമ്മാണത്തിനു സ്വീകരിക്കാവുന്ന വിവിധ മാർഗ്ഗങ്ങളെക്കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ ഗുണഭോക്താക്കൾക്ക ലഭ്യമാക്കുകയും ഏതു മാർഗ്ഗം സ്വീകരിക്കണമെന്ന് തീരുമാനിക്കാൻ അവരെ സഹായിക്കുകയുമാണ് യോഗത്തിന്റെ പ്രധാന ലക്ഷ്യം. അതുകൊണ്ടു തന്നെ പ്രകൃതി ദുരന്ത പുനരധിവാസ ഭവനപുനർനിർമ്മാണത്തിനു സർക്കാർ തയ്യാറാക്കിയിട്ടുള്ള സമീപനം വ്യക്തതയോടെ യോഗത്തിന്റെ തുടക്കത്തിൽ തന്നെ അവതരിപ്പിക്കണം.
8. രണ്ട് തരത്തിലാണ് ഭവനപുനർനിർമ്മാണം നടത്താവുന്നത്:
    a. **സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ധനസഹായം കൈപ്പറ്റിക്കൊണ്ട് സ്വന്തം ഭൂമിയിൽ സ്വന്തം ഉത്തരവാദിത്തതോടെ വീട്ടുനിർമ്മാണം നടത്തുക**: GO (Rt) No. 527/2018/DMD dated 5-10-2018 പ്രകാരം, സ്വന്തം ഭൂമിയിൽ വീട് വയ്ക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് പുറപ്പെടുവിച്ച സമ്മതപത്രം പൂർണമായും തകർന്നതോ, വാസയോഗ്യം അല്ലാതായതോ ആയ എല്ലാ വീടുകളുടെയും ഉടമസ്ഥരിൽ നിന്നും ഒപ്പിട്ട് വാങ്ങേണ്ടതാണ്. ഇതിനു തയ്യാറായിട്ടുള്ളവർ സമ്മതപത്രം ഒപ്പിട്ടു നൽകണം (നേരത്തെ നൽകിയിട്ടില്ലെങ്കിൽ).
    b. **സ്വന്തം ഭൂമിയിൽ വീട് വയ്ക്കുവാൻ ആഗ്രഹിക്കുന്നവരിൽ, സർക്കാർ മേൽനോട്ടത്തിലുള്ള ഭവനനിർമ്മാണ രീതി സ്വീകരിക്കുന്ന രീതി:** ദുരന്ത

ബാധിതനിൽ നിന്നും **05.11.2018 തീയതിയിലെ സ.ഉ. (കൈ)നം.26/2018/ഡി.എം.ഡി. ഫോം-A** സമ്മതപത്രം ഒപ്പിട്ട് വാങ്ങേണ്ടതാണ്.

**ഫോം-A സമ്മതപത്രം ഒപ്പിടുന്നവരിൽ, സ്പോൺസർ നേരിട്ട് കെട്ടിടനിർമ്മാണ ഏജൻസിയെ കണ്ടെത്തി നിയോഗിക്കുന്ന നിർവ്വഹണ രീതി**: വീടുകളുടെ പുനർനിർമ്മാണത്തിന് പരസ്പരം സഹകരിച്ച് പ്രവർത്തിക്കാനുദ്ദേശിച്ച് മുന്നോട്ടു വരുന്ന സ്പോൺസറും സർക്കാരിനെ പ്രതിനിധീകരിക്കുന്ന ജില്ലാ കളക്ടറും ഗുണഭോക്താവായ വീട്ടുടമയും തമ്മിൽ കരാറിൽ ഏർപ്പെട്ട് നിർമാണം നടത്താവുന്നതാണ്. ഇതിനു തീരുമാനമെടുക്കുന്നവർ **05.11.2018 തീയതിയിലെ സ.ഉ. (കൈ)നം.26/2018/ഡി.എം.ഡി. ഫോം-B (ത്രികക്ഷി കരാർ - മാതൃക 1)** പ്രകാരമുള്ള സമ്മതപത്രം ഒപ്പിട്ടു നൽകണം.

9. അവതരണങ്ങൾക്കു ശേഷം പ്രത്യേക കൌണ്ടറുകളിലായി ഉദ്യോഗസ്ഥർ ഗുണഭോക്താക്കളുമായി നേരിട്ട് സംസാരിച്ചും അവരുടെ സംശയങ്ങൾ ദൂരീകരിച്ചും വേണം സമ്മതപത്രങ്ങൾ ഒപ്പിട്ടു വാങ്ങുന്നത്. പങ്കെടുക്കുന്ന ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച് സൌകര്യപ്രദമായ എണ്ണം കൌണ്ടറുകൾ നടത്താനുള്ള സ്ഥലവും ജീവനക്കാരുടെ സേവനവും യോഗസ്ഥലത്ത് ഉറപ്പാക്കിയിരിക്കണം.
10. മേൽപ്പറഞ്ഞ തീരുമാനം യോഗത്തിൽ വച്ച് കൈക്കൊള്ളാനാകാത്തവർ പത്തുദിവസത്തിനുള്ളിൽ തീരുമാനമെടുത്ത് ആയത് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറെ/മുനിസിപ്പൽ സെക്രട്ടറിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കണം.
11. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ധനസഹായം കൈപ്പറ്റിക്കൊണ്ട് സ്വന്തം നിലയ്ക്ക് വീടുനിർമ്മാണം നടത്തുന്നതിനു മുമ്പുതന്നെ സമ്മതപത്രം നൽകി ആദ്യഗഡു കൈപ്പറ്റിയവരുടെ ഭവന പുനർനിർമ്മാണം ഏതുഘട്ടത്തിൽ എത്തിയിരിക്കുന്നു എന്നു വിലയിരുത്തുന്നതിനു മാത്രമായി ഒരു കൌണ്ടർ ഉണ്ടാകണം. പണം കൈപ്പറ്റിയിട്ടും വീടുപണി തുടങ്ങിയിട്ടില്ലെങ്കിൽ അതിന്റെ കാരണം മനസ്സിലാക്കി രേഖപ്പെടുത്തണം.
12. വെള്ളപ്പൊക്കം-ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ-ഭൂകമ്പ പ്രതിരോധസൂചികകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ വിവിധതരം വീടുകൾ സംബന്ധിച്ച കൈപ്പുസ്തകങ്ങളും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ കൈപ്പുസ്തകങ്ങളും ഈ യോഗങ്ങളിൽ വിതരണം ചെയ്യാവുന്നതാണ്.

**നിർമ്മാണ നടപടിക്രമ വിശദീകരണം**

13. തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പാക്കുന്ന LIFE മിഷൻ ഭവന പദ്ധതിയിൽ സ്വീകരിച്ചിട്ടുള്ള ഭവനരൂപകല്പനകളാണ് പ്രകൃതി ദുരന്ത പുനരധിവാസ ഭവന പുനർനിർമ്മാണത്തിനും സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

14. 400 ചതുരശ്രയടി പ്ലിന്ത് വിസ്തൃതി വരുന്നതും ഒരു പൊതു ഉപയോഗ ഹാൾ, രണ്ടു കിടപ്പുമുറി, അടുക്കള, ശുചിമുറി എന്നിവയടങ്ങുന്നതുമായ വീടുകളാണ് നിർമ്മിക്കപ്പെടുക. ഇതിനായി LIFE മിഷൻ തയ്യാറാക്കിയിട്ടുള്ള 12 typical designs തന്നെയായിരിക്കും അടിസ്ഥാനം.
15. എന്നാൽ ഇനിയും ആവർത്തിക്കപ്പെടാവുന്ന പ്രളയത്തെ ചെറുക്കാനുള്ള കരുത്ത് പുതുതായി നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങൾക്ക് ഉറപ്പാക്കണം. അതിനുള്ള രൂപകൽപ്പനാ നിർദ്ദേശങ്ങൾ ഉന്നതതല സാങ്കേതിക ഉപദേശക സമിതിയിലെ എഞ്ചിനീയറൻമാരുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. നിർമ്മാണത്തിൽ അവ പാലിക്കപ്പെടണം.
16. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ധനസഹായം കൈപ്പറ്റിക്കൊണ്ട് സ്വന്തം നിലയ്ക്കു വീടുനിർമ്മാണം നടത്തുന്ന ഗുണഭോക്താക്കളും പ്രാദേശിക സ്പോൺസർമാർ നിർമ്മിച്ചു നൽകുന്ന വീടുകളിലും പ്രളയ സുരക്ഷാ രൂപകല്പനാ പ്രമാണങ്ങൾ നിർമ്മാണത്തിൽ പാലിക്കണം. ജില്ലാ കളക്ടർ ചുമതലപ്പെടുത്തുന്ന പ്രാദേശിക സാങ്കേതിക ഉദ്യോഗസ്ഥൻ ഇക്കാര്യം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.
17. മുമ്പുതന്നെ സമ്മതപത്രം നൽകി ആദ്യഗഡു കൈപ്പറ്റിയവരുടെ ഭവന പുനർനിർമ്മാണത്തിൽ പ്രളയ സുരക്ഷാ സംവിധാനങ്ങൾ ഉണ്ടോയെന്നു വിലയിരുത്താനും ഇല്ലെങ്കിൽ ഇനി സ്വീകരിക്കാവുന്ന നടപടികൾ തീരുമാനിച്ചു നൽകാനും സാങ്കേതിക സമിതിയെ ചുമതലപ്പെടുത്തണം.
18. ഫോം A സമ്മതപത്രം ഒപ്പിട്ട് നിർമ്മാണം സർക്കാരിനെ ഏൽപ്പിക്കുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ സർക്കാർ പ്രതിനിധിയായി ജില്ലാ കളക്ടറും സർക്കാർ ധനസഹായത്തിനുപരിയായ ധനവിഭവം ലഭ്യമാക്കുന്ന സ്പോൺസറും ഗുണഭോക്താവും സംയുക്തമായി ഒപ്പിടുന്ന ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ് ഭവന നിർമ്മാണം നടക്കേണ്ടത്.

## ബ്ലോക്ക്/മുനിസിപ്പൽതല നിർവ്വഹണ സംവിധാനം

19. ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കുന്നതിന് ബ്ലോക്ക്/മുനിസിപ്പൽ ഓഫീസിൽ **"സുരക്ഷിത കൂടൊരുക്കും കേരളം"** എന്ന പേരിൽ ഒരു ഭവന നിർമ്മാണ സഹായ കേന്ദ്രം 2018 നവംബർ മുതൽ 6 മാസത്തേയ്ക്ക് പ്രവർത്തിപ്പിക്കുന്നതാണ്.
20. ഇതിന്റെ ചുമതല ആ പ്രദേശത്തെ സാങ്കേതിക മേൽനോട്ടത്തിനായി LIFE മിഷൻ തെരഞ്ഞെടുത്തു നിയോഗിക്കുന്ന എഞ്ചിനീയറിങ് കോളജ്/പോളിടെക്നിക്കിന് ആയിരിക്കും. ഞായറാഴ്ചയും എല്ലാ അവധി ദിവസങ്ങളിലും ഈ സഹായ കേന്ദ്രം പ്രവർത്തിപ്പിക്കേണ്ടതാണ്.
21. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ LIFE മിഷൻ ഭവന പദ്ധതിയുടെ ജില്ലാ കോഓർഡിനേറ്ററായിരിക്കും ഈ സഹായ കേന്ദ്രങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുക.
22. പ്രസ്തുത കേന്ദ്രങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിങ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥനും, KSEB യുടെ ഓവർസീയറിൽ

കുറയാത്ത ഉദ്യോഗസ്ഥനും, സാങ്കേതിക മേൽനോട്ടത്തിനായി തെരഞ്ഞെടുത്തു നിയോഗിക്കുന്ന സ്ഥാപനത്തിലെ സിവിൽ, ആർക്കിടെക്ചർ, ഇലക്ട്രിക്കൽ വിഭാഗങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസറിൽ കുറയാത്ത ഉദ്യോഗസ്ഥർ അഥവാ ITI ലെ സിവിൽ, ഇലക്ട്രിക്കൽ, പ്ലംബിങ് എന്നീ ശാഖകളുടെ ഇൻസ്ട്രക്ടർമാർ ഉണ്ടായിരിക്കേണ്ടതാണ്.

23. വീട്ടു നിർമ്മാണത്തിന് ഗുണഭോക്താവിന് ഉപദേശം നൽകുക, ആവശ്യമായ സാമഗ്രികൾ വിവിധ കേന്ദ്രങ്ങളിൽ നിന്നും സർക്കാർ അംഗീകരിക്കുന്ന തുകയ്ക്ക് ലഭ്യമാക്കുക, ഗുണഭോക്താക്കളുടെ സംശയം ദൂരീകരിക്കുക തുടങ്ങിയ കാര്യങ്ങളിലായിരിക്കും ഈ കേന്ദ്രങ്ങളുടെ സേവനം ലഭ്യമാകുക.

മേൽ നിർദ്ദേശങ്ങളിൽ കാര്യക്ഷമമായും സമയബന്ധിതമായും നടപടി സ്വീകരിക്കേണ്ടതാണ്.

**പി.എച്ച്.കുര്യൻ**
അഡീഷണൽ ചീഫ് സെക്രട്ടറി.

എല്ലാ ജില്ലാ കളക്ടർമാർക്കും
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി,
റവന്യൂ കോംപ്ലക്സ്, പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
ഡയറക്ടർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും വകുപ്പ്
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ) (പ്രസിദ്ധീകരണത്തിന്)
തദ്ദേശ സ്വയംഭരണ വകുപ്പ്
ആരോഗ്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
സാമൂഹ്യനീതി വകുപ്പ്
ജലവിഭവ വകുപ്പ്

ഊർജ്ജ വകുപ്പ്
കൃഷി വകുപ്പ്
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ (റവന്യൂ വകുപ്പ്) സി.എ യ്ക്ക്,
അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്) സി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം,

(ഒപ്പ്)

സെക്ഷൻ ഓഫീസർ